രക്ഷയുടെ പാതയിൽ–4



4

# ജീവന്റെ നീർച്ചാലുകൾ

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം




1. ഈശോ ജീവന്റെ ഉറവിടം
2. സഭയിലൂടെ ജീവൻ നൽകുന്ന ഈശോ
3. കൂദാശകൾ: ജീവൻ നൽകുന്ന ചാലുകൾ
4. മാമ്മോദീസാ: ഈശോയിലുള്ള ജനനം
5. തൈലാഭിഷേകം: പരിശുദ്ധാത്മാവിലുള്ള അഭിഷേകം
6. വി. കുർബാന: ജീവൻ നൽകുന്ന ബലി
7. വി. കുർബാന: ജീവന്റെ അപ്പം
8. ഈശോയെ സ്വീകരിക്കാൻ
9. അനുരഞ്ജിതരായ് തീർന്നീടാം
10. അനുരഞ്ജനകൂദാശ
11. രോഗീലേപനം
12. തിരുപ്പട്ടം
13. വിവാഹം
14. കുദാശാനുകരണങ്ങൾ
15. പ്രാർത്ഥന: ദൈവവുമായുള്ള സംഭാഷണം

പാഠം 3

# കൂദാശകൾ ജീവൻ നൽകുന്ന ചാലുകൾ



ഒരിക്കൽ ഈശോ യാത്രചെയ്തു ക്ഷീണിച്ച് ഒരു കിണറിന്റെ കരയിൽ ഇരുന്നു. ആ സമയം ഒരു സമരിയാക്കാരി വെള്ളം കോരാൻ അവിടെ വന്നു. ആ സ്ത്രീയുമായി സംസാരിക്കുന്നതിനിടയിൽ ഈശോ ഇങ്ങനെ പറഞ്ഞു:



ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നിർഗളിക്കുന്ന അരുവിയാകും

(യോഹ 4:13–14).



ദാഹിക്കുന്നവർക്ക് ഈശോ ജീവജലം വാഗ്ദാനം ചെയ്യുന്നു. അവിടുന്ന് വാഗ്ദാനം ചെയ്ത ജീവജലമാണ് ദൈവികജീവൻ അഥവാ കൃപാവരം. ഈ കൃപാവരം സ്വീകരിക്കുന്നവർ നിത്യജീവന് അവകാശികളായി തീരുന്നു. നിത്യജീവൻ പ്രദാനം ചെയ്യുന്ന ഈ കൃപാവരം സഭയിലൂടെയാണ് ഈശോ നമുക്ക് നൽകുന്നത്.



വലിയ ജലാശയങ്ങളിൽനിന്നും കൃഷിയിടങ്ങളിലേയ്ക്ക് ജലം ചെറിയ നീർച്ചാലുകളിലൂടെ ഒഴുകി വയലുകളെ നനയ്ക്കുന്നു. ചാലുകളിലൂടെ ഒഴുകിയെത്തുന്ന ജലം സസ്യങ്ങളെ നനയ്ക്കുന്നു. അവ വളർന്ന് ഫലമണിയുന്നു.



നമ്മളിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകളാണ് കൂദാശകൾ. ഈശോയാകുന്ന ഉറവിടത്തിൽനിന്നുമാണ് ഈ നീർച്ചാലുകൾ ഒഴുകുന്നത്.

**കൂദാശ** എന്ന സുറിയാനി വാക്കിന്റെ അർത്ഥം **വിശുദ്ധികരിക്കുന്ന കർമ്മം** എന്നാണ്. പാപമോചനവും ദൈവികജീവനും നൽകിയാണ് കൂദാശകൾ നമ്മെ വിശുദ്ധീകരിക്കുന്നത്.

അദൃശ്യമായ ദൈവികജീവൻ നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന, ഈശോസ്ഥാപിച്ചതും തിരുസഭ പരികർമ്മം ചെയ്യുന്നതുമായ, ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.

കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം പ്രവേശകകൂദാശകൾ എന്ന് അറിയപ്പെടുന്നു. ഇവയിലൂടെയാണ് ഒരു വ്യക്തി ഈശോയുമായുള്ള ബന്ധത്തിലേയ്ക്കും സഭാജിവിതത്തിലേയ്ക്കും കടന്നുവരുന്നത്.

## കൂദാശകൾ

മാമ്മോദീസ
തൈലാഭിഷേകം
വി. കുർബാന
അനുരഞ്ജനം
രോഗീലേപനം
തിരുപ്പട്ടം
വിവാഹം





ഈശോ സ്ഥാപിച്ചതും ദൈവികജീവൻ പ്രദാനം ചെയ്യുന്നതുമായ
കൂദാശകൾ ഒരുക്കത്തോടും ഭക്തിയോടുംകൂടെ സ്വീകരിച്ച്
കൃപാവരത്തിൽ നമുക്ക് വളരാം.



# നമുക്കു പാടാം

കൃപയുടെ മോഹനമാം
വഴികൾ തുറന്നവനേ
പാപിക്കാനന്ദം തൂകി വരുന്നവനേ
ഭക്തിയൊടങ്ങേ തൃപ്പാദം താണുവണങ്ങുന്നു.

# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളെ ദൈവികജീവനിൽ വളർത്തുവാൻ വേണ്ടി കൂദാശകൾ സ്ഥാപിച്ച ഈശോയേ, യോഗ്യതയോടുകൂടെ കൂദാശകൾ സ്വീകരിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(യോഹ.4:1–15)



# ഓർമ്മിക്കാൻ ഒരു തിരുവചനം

ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല

(യോഹ 4:14).

# എന്റെ തീരുമാനം

ഒരുക്കത്തോടും ഭക്തിയോടുംകൂടെ
ഞാൻ കൂദാശകൾ സ്വീകരിക്കും.

# നമുക്കു ആടാം പാടാം



ജീവജലത്തിന്നുറവയാകും
ഏഴു കൂദാശകളേകി നാഥൻ
നിത്യമാം ജീവൻ പ്രദാനം ചെയ്യാൻ
ശുദ്ധീകരിച്ചങ്ങു ശക്തരാക്കാൻ
ഈശോതൻ ദിവ്യരഹസ്യങ്ങളെ
നമ്മൾക്കനുഭവമാക്കുന്നവ
തിരുസഭാഗാത്രം പടുത്തുയർത്താൻ
സ്നേഹത്തിൻ സേവകരാക്കിമാറ്റാൻ
ജീവൻ പകരുമാ കൂദാകൾ
ഭക്ത്യാദരവോടെ സ്വീകരിക്കാം
സ്നേഹം നിറഞ്ഞൊരു ഹൃദയമൊടെ
കൃപാവരംനേടി ധന്യരാകാം

Thank you